روضة الخطباء

റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

# മക്കളുടെ നന്മക്ക് പത്തു കാര്യങ്ങൾ

20/10/2023

sufaraulislam.com

بسم الله الرحمن الرحيم

അമാനത്തുകളിൽ വലിയതും ഉത്തരവാദിത്വത്തിൽ മികച്ചതുമാണ് മക്കളെ വളർത്തൽ

يَا أَيُّهَا الَّذِينَ آمَنُوا قُوا أَنْفُسَكُمْ وَأَهْلِيكُمْ نَارًا وَقُودُهَا النَّاسُ وَالحِجَارَةُ عَلَيْهَا مَلاَئِكَةٌ غِلاَظٌ شِدَادٌ لاَ يَعْصُونَ اللهَ مَا أَمَرَهُمْ وَيَفْعَلُونَ مَا يُؤْمَرُونَ} [التحريم: ٦].

**ഈ ആയത്തിനെ വിശദീകരിച്ച് അലി (റ) പറഞ്ഞത്.**

قال علي بن أبي طالب  رضي الله عنه: أدبوهم وعلموهم الخير، وعلى الأب أن يراعي في التربية الأمور التالية.

നല്ലത് പഠിപ്പിക്കുകയും നല്ല മര്യാദക്കാരാക്കുകയും ചെയ്യുക.

**ഇമാം ഇബ്നുൽ ഖയ്യിം -رَحِمَهُ اللهُ- പറഞ്ഞു:**

قَالَ الإِمَامُ ابْنُ القَيِّمِ رَحِمَهُ اللَّهُ تَبَارَكَ وَتَعَالَىٰ: «وَكَمْ مِمَّنْ أَشْقَىٰ وَلَدَهُ وَفِلْذَةَ كَبِدِهِ فِي الدُّنْيَا وَالآخِرَةِ بِإِهْمَالِهِ وَتَرْكِ تَأْدِيبِهِ، وَإِعَانَتِهِ لَهُ عَلَىٰ شَهَوَاتِهِ، وَيَزْعُمُ أَنَّهُ يُكْرِمُهُ وَقَدْ أَهَانَهُ، وَأَنَّهُ يَرْحَمُهُ وَقَدْ ظَلَمَهُ وَحَرمَهُ ، فَفَاتَهُ انْتِفَاعُهُ بِوَلَدِهِ، وَفَوَّتَ عَلَيْهِ حَظَّهُ فِي الدُّنْيَا وَالآخِرَةِ، وَإِذَا اعْتَبَرْتَ الفَسَادَ فِي الأَوْلَادِ رَأَيْتَ عَامَّتَهُ مِنْ قِبَلِ الآبَاءِ»

എത്രയെത്ര മാതാപിതാക്കളാണ് അവരുടെ പ്രിയപ്പെട്ട മക്കളെ അവരുടെ കാര്യത്തിൽ തങ്ങളുടെ അലസത കാരണത്താലും, മര്യാദകൾ പഠിപ്പിക്കാതെയും, അവരുടെ എല്ലാ ഇച്ഛകൾക്കും സഹായം നൽകിക്കൊണ്ടും ഈ ലോകത്തും പരലോകത്തും അവരെ ദൗർഭാഗ്യവാന്മാരാക്കി മാറ്റിയിട്ടുള്ളത്..?!

**മക്കളെ സ്വാലിഹീങ്ങളാക്കാൻ എന്തിന് പരിശ്രമിക്കണം**

1. മക്കളെ സ്വാലിഹീങ്ങളാക്കാൻ  പരിശ്രമിക്കുക എന്നത് ഒരു ഇബാദത്താണ്. അത് അല്ലാഹുവും അവന്റെ റസൂലും കൽപ്പിച്ചതാണ്.
2. മക്കൾ സ്വാലിഹീങ്ങളായാൽ മാതാപിതാക്കൾക്ക് അവരോടൊപ്പം പരലോകത്ത് സ്വർഗത്തിൽ പ്രവേശിക്കാം.

**മക്കളുടെ നന്മ ആഗ്രഹിക്കുന്നവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

**1. നല്ല ഇണയെ തിരഞ്ഞെടുക്കുക**

ഉമർ (റ) വിന്റെ അടുത്ത് ഒരാൾ മകന്റെ അനുസരണകേടിനെ കുറിച്ച് പറയാൻ വന്നു. മകൻ അനുസരിക്കുന്നില്ല ഉമർ (റ) പറഞ്ഞു : താങ്കളുടെ മകനെ എന്റെ അടുത്ത് കൊണ്ടുവാ അങ്ങനെ ആ മകനെ കൊണ്ട് വന്നു. ആ മകൻ ഉമർ (റ) വിനോട് പറഞ്ഞ കാര്യം എന്റെ ഉപ്പ നല്ല പേരിട്ടില്ലാ, എന്നേ ഖുർആൻ സുന്നത്തും പഠിപ്പിച്ചില്ല, എന്റെ ഉമ്മയെ തെരെഞ്ഞെടുക്കുന്നതിൽ ഉപ്പ കാണിക്കേണ്ട എന്റെ അവകാശമാണ്. ഉപ്പ വിവാഹം കഴിച്ചതാക്കട്ടെ ദീനില്ലാത്ത സ്ത്രീയെയാണ്.
ചിലർ കുഫ് വ് മാത്രം നോക്കും.

عن أبي هريرة رضي الله عنه: أن النبي - صلى الله عليه وسلم قال : تُنْكَحُ الْمَرْأَةُ لأَرْبَعٍ: لِمَالِهَا، وَلِحَسَبِهَا، وَلِجَمَالِهَا، وَلِدِينِهَا، فَاظْفَرْ بِذَاتِ الدِّينِ تَرِبَتْ يَدَاكَ

വിവാഹത്തിന് നിബന്ധകൾ ദീൻ അല്ലാത്തത് വെക്കുമ്പോൾ ,
പെണ്ണിന് ആണിനേക്കാൾ വിഭവം ഉണ്ടായാൽ ...

**ദുനിയാവിലെ ഏറ്റവും വലിയ വിഭവം**

عبد الله بن عمرو رضي الله عنهما: أن النبي صلى الله عليه وسلم قال: الدُّنْيَا مَتَاعٌ، وَخَيْرُ مَتَاعِ الدُّنْيَا الْمَرْأَةُ الصَّالِحَة

**2. നല്ല ശിക്ഷണം നൽകുക**

ആത്മാർത്ഥമായ ശിക്ഷണം വേണം. അതിന് റബ്ബിന്റെ പ്രതിഫലം ആഗ്രഹിക്കണം.

{وَمَا أُمِرُوا إِلاَّ لِيَعْبُدُوا اللهَ مُخْلِصِينَ لَهُ الدِّينَ} [البينة: ٥].

ഇന്ന് പലർക്കും മക്കളെ വളർത്തുന്നതിന്റെ ലക്ഷ്യം.
മത്സരങ്ങളും, ദുരഭിമാനവും, വരുമാനവും, നമ്മൾ നെയ്ത സ്വപ്നങ്ങളുമാവുന്നു.

**നിയ്യത്ത് പ്രധാനമാണ്...**

عمر بن الخطاب رضي الله عنه: أن النبي - صلى الله عليه وسلم قال إِنَّمَا الأَعْمَالُ بِالنِّيَّاتِ

**3. ഇഷ്ടം കൊണ്ടും സ്നേഹം കൊണ്ടും ദയകൊണ്ടും ഉപദേശിക്കുകയും. – ഉപദേശിക്കുന്ന കാര്യത്തിൽ മാതൃകയാവുകയും ചെയ്യുക.**

{وَامُرْ أَهْلَكَ بِالصَّلاَةِ وَاصْطَبِرْ عَلَيْهَا} [طه: ١٣٢] الآية.

عمرو بن شعيب عن أبيه عن جده رضي الله عنه: أن النبي صلى الله عليه وسلم - قال :مُرُوا أَوْلاَدَكُمْ بِالصَّلاَةِ وَهُمْ أَبْنَاءُ سَبْعِ سِنِينَ، وَاضْرِبُوهُمْ عَلَيْهَا وَهُمْ أَبْنَاءُ عَشْرٍ، وَفَرِّقُوا بَيْنَهُمْ فِي الْمَضَاجِعِ

- നമസ്കാരം നിർവഹിക്കുക എന്നതല്ല, ഇഖ്ലാസോടെ ചെയ്യുക എന്നത് പ്രധാനമാണ്.
- എന്നിട്ടും അനുസരിക്കാത്തവർക്കാണ് ചെറിയ അടി ശിക്ഷ നൽകുക.
- നമസ്കാരത്തെ കൽപിക്കൽ നിർബന്ധമായ കാര്യമാണ്. എങ്ങനെ കൽപിക്കണം? എന്നത് പ്രധാനമാണ്.

## 4. മക്കളെ നിഷിദ്ധങ്ങളിൽ നിന്നും വെറുക്കപ്പെട്ടതിൽ നിന്നും തടയണം.

- അവൻ കുട്ടിയല്ലേ, അവൾ കുട്ടിയല്ലേ, എന്ന് പറഞ്ഞ് തിന്മകൾ അനുവദിച്ച് നൽകിയാൽ ....
- കുട്ടികളെ അപമാനിക്കാതെ തിരുത്താൻ കഴിയണം.

عن أبي هريرة - رضي الله عنه - قال: أخذ الحسن بن علي رضي الله عنهما تمرة من تمر الصدقة فجعلها في فيه، فقال النبي صلى الله عليه وسلم : كِخٍ، كِخٍ» لِيَطْرَحَهَا، ثُمَّ قَالَ: «أَمَا شَعَرْتَ أَنَّا لاَ نَأْكُلُ الصَّدَقَةَ

അബൂഹുറൈറ (റ) വിൽ നിന്ന് നിവേദനം: ഒരിക്കൽ ഹസൻ, ഹുസൈൻ (റ) എന്നീ കുട്ടികൾ (സകാത്തിന്റെ) ഈത്തപഴം എടുത്ത് കളിക്കാൻ തുടങ്ങി. അപ്പോൾ അവരിലൊരാൾ ഈത്തപഴമെടുത്തു തന്റെ വായിലിട്ടു. ഉടനെ നബി ﷺ അവിനിലേക്ക് നോക്കുകയും അവന്റെ വായിൽ നിന്ന് അത് എടുത്തുകളയുകയും എന്നിട്ട് ഇങ്ങനെ പറയുകയും ചെയ്തു: മുഹമ്മദിന്റെ കുടുംബങ്ങൾ സകാത്തിന്റെ ധനം തിന്നുകയില്ലെന്ന് നിനക്കറിയില്ലേ? (ബുഖാരി)

## 5. രക്ഷിതാക്കൾ മാതൃകയാവണം

- കൽപിക്കുന്നവ ജീവിതത്തിൽ വേണം. ഹറാമായ കാര്യങ്ങൾ രക്ഷിതാവിൽ നി ന്ന് വരരുത്.

- പണ്ഡിതന്മാർ പറയാറുണ്ട് : الأبناء سرّ أبيه (മക്കൾ അവരുടെ മാതാപിതാക്കളുടെ രഹസ്യമാണ്) അതായത്, മാതാപിതാക്കൾ അവരുടെ വീട്ടിൽ എന്താണോ അതാണ് മക്കൾ.

يَا أَيُّهَا الَّذِينَ آمَنُوا لِمَ تَقُولُونَ مَا لاَ تَفْعَلُونَ} [الصف: ٢].
كَبُرَ مَقْتًا عِندَ اللَّهِ أَن تَقُولُوا مَا لَا تَفْعَلُونَ﴿٣﴾

**ഇബ്നു ഉസൈമീൻ رحمه الله പറഞ്ഞു:**

قال الشيخ ابن عثيمين رحمه الله :علموا أولادكم الصدق بالقول والفعل فإذا حدثتموهم فلا تكذبوا عليهم وإذا وعدتموهم فلا تخلفوا وعدكم (الضياء اللامع)

നിങ്ങൾ നിങ്ങളുടെ മക്കളെ സംസാരത്തിലും പ്രവർത്തിയിലും സത്യസന്ധത പഠിപ്പിക്കുക. അവരോട് സംസാരിക്കുകയാണെങ്കിൽ കളവു പറയാതിരിക്കുക. അവർക്ക് വാഗ്ദാനം നൽകുകയാണെങ്കിൽ അത് ലംഘിക്കുകയും ചെയ്യാതിരിക്കുക.

## 6. കൂട്ടുകെട്ട് ശ്രദ്ധിക്കണം

- ചീത്ത കൂട്ടുകെട്ടിൽ നിന്ന് മാറ്റി നിർത്തുകയും നല്ല കൂട്ടത്തിലേക്ക് ചേർക്കുകയും ചെയ്യുക.
- ഓവു പാലത്തിൽ നിന്ന് ക്രിയാത്മകതയിലേക്ക്.
- പ്രശ്നപരിഹാര കഴിവ് വർദ്ധിക്കും.
- Wisdom students

أبي هريرة - رضي الله عنه: أن النبي صلى الله عليه وسلم قال:الرَّجُلُ عَلَى دِينِ خَلِيلِهِ، فَلْيَنْظُرْ أَحَدُكُمْ مَنْ يُخَالِلُ

അബൂഹുറൈറ (റ) വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: ഒരാൾ തൻറെ സ്നേഹിതന്റെ മതത്തിലായിരിക്കും. അതിനാൽ നിങ്ങളിലോരോരുത്തരും താൻ കൂട്ടുകൂടുന്നവരെ കുറിച്ച് ചിന്തിച്ചു നോക്കട്ടെ. (അബൂദാവൂദ്

## 7. ഖുർആന്റെ ഹൽഖകളിൽ അവരെ പങ്കെടുപ്പിക്കുക.

- ഹിഫ്ള്, QHLS, CRE, വിജ്ഞാന വേദികൾ ഇതിലെല്ലാം നമ്മുടെ കുട്ടികളും ഉണ്ട് എന്ന ഉറപ്പു വരുത്തുക.

روى البخاري في صحيحه من حديث عثمان بن عفان - رضي الله عنه: أن النبي صلى الله عليه وسلم - قال : خَيْرُكُمْ مَنْ تَعَلَّمَ الْقُرْآنَ وَعَلَّمَهُ.

പഠിപ്പിക്കുന്നവരെയും, പഠിക്കുന്നവരെയും ഉയർത്തുന്ന / ഉത്തമരാക്കുന്ന സിലബസാണ് ഖുർആനാണ്.

**ഇബ്നുൽജൗസി رحمه الله പറഞ്ഞു:**

قال ابن الجوزي رحمه الله : وقد كان السلف إذا نشأ لأحدهم ولد ؛ شغلوه بحفظ القرآن وسماع الحديث ، فيثبت الإيمان في قلبه (صيدالخاطر ص ٤٩١)

സലഫുകളിൽ ഒരാൾക്ക് ഒരു കുട്ടി വളർന്നു വന്നാൽ അവനെ ഹദീസ് കേൾക്കുന്നതിലും, ഖുർആൻ മനപാഠമാക്കുന്നതിലും വ്യാപൃതനാക്കുമായിരുന്നു. അങ്ങിനെ അവന്റെ ഹൃദയത്തിൽ ഈമാൻ സ്ഥിരപ്പെടുന്നു.

- ഇന്നത്തെ കാലത്ത് ഇലക്ട്രോണിക് മാധ്യമങ്ങളും സോഷ്യൽ മീഡിയകളും പൂർണ്ണമായും ഒഴിവാക്കി മുമ്പോട്ടു പോകാൻ പ്രയാസമാണ്. ഇത്തരം സൗകര്യങ്ങളൊക്കെ കുട്ടികൾക്ക് ഇൽമിയായി പ്രയോജനം ലഭിക്കുന്ന രീതിയിൽ കൈകാര്യം ചെയ്യാൻ രക്ഷിതാക്കൾക്ക് കഴിയണം.
- പീസ് റേഡിയോ ഈ മദ്രസ, പീസ് റേഡിയോ സംഘടിപ്പിക്കുന്ന വിവിധ കോഴ്സുകൾ...

## 8. നല്ല ശീലങ്ങൾ അവരെ പഠിപ്പിക്കണം.

അവരെ ഇസ്ലാമിന്റെയും ഈമാനിന്റെയും കാര്യങ്ങൾ പഠിപ്പിച്ച് നട്ടുവളർത്തണം.

- വസ്ത്രവും മര്യാദകളും പഠിപ്പിക്കണം
- പള്ളിയോടുള്ള ബാധ്യതകളും പള്ളിയിൽ പോകുന്നതിന്റെ പ്രാധാന്യവും
- ഭക്ഷണവും വെള്ളവുമായി ബന്ധപ്പെട്ട ഇസ്ലാമിക മര്യാദകൾ
- പ്രാഭാത പ്രദോഷ പ്രാർത്ഥനകൾ
- മുതിർന്നവരെ ആദരിക്കാൻ, കുട്ടികളോട് മാന്യമായി ഇടപെടാൻ.
- സംസാരവും പെരുമാറ്റവും നന്നാക്കാൻ

**9. മക്കൾക്കിടയിൽ നീതി കാണിക്കണം**

عَنِ النُّعْمَانِ بْنِ بَشِيرٍ، أَنَّ أَبَاهُ، أَتَى بِهِ إِلَى رَسُولِ اللَّهِ صلى الله عليه وسلم فَقَالَ إِنِّي نَحَلْتُ ابْنِي هَذَا غُلاَمًا. فَقَالَ أَكُلَّ وَلَدِكَ نَحَلْتَ مِثْلَهُ ". قَالَ لاَ. قَالَ فَارْجِعْهُ

നുഅ്മാൻ (റ) വിൽ നിന്ന് നിവേദനം: ഒരിക്കൽ എന്റെ പിതാവ് എന്നെയും കൊണ്ട് നബിﷺയുടെ അടുക്കൽ വന്ന് പറഞ്ഞു. എന്റെ അടിമയെ ഞാൻ ഇവന് സൗജന്യമായി കൊടുത്തിരിക്കുന്നു. നബി ﷺ ചോദിച്ചു. ഇപ്രകാരം നീ നിന്റെ എല്ലാസന്താനങ്ങൾക്കും നൽകിയിട്ടുണ്ടോ..? അദ്ദേഹം പറഞ്ഞു. ഇല്ല. നബി ﷺ പറഞ്ഞു. എന്നാൽ നീ ഇത് തിരിച്ചുവാങ്ങൂ. (ബുഖാരി)

**10.കുട്ടികളോടൊപ്പം അവരിലൊരാളായി മാറുക**

عَنْ أُمِّ خَالِدٍ بِنْتِ خَالِدِ بْنِ سَعِيدٍ، قَالَتْ أَتَيْتُ رَسُولَ اللَّهِ صلى الله عليه وسلم مَعَ أَبِي وَعَلَىَّ قَمِيصٌ أَصْفَرُ، قَالَ رَسُولُ اللَّهِ صلى الله عليه وسلم سَنَهْ سَنَهْ . قَالَ عَبْدُ اللَّهِ وَهْىَ بِالْحَبَشِيَّةِ حَسَنَةٌ. قَالَتْ فَذَهَبْتُ أَلْعَبُ بِخَاتَمِ النُّبُوَّةِ، فَزَبَرَنِي أَبِي. قَالَ رَسُولُ اللَّهِ صلى الله عليه وسلم " دَعْهَا ".

ഉമ്മുഖാലിദ് ബിൻത് ഖാലിദ് (റ) പറയുന്നു: ഞാൻ ഒരു മഞ്ഞക്കുപ്പായം ധരിച്ചു കൊണ്ട് എന്റെ പിതാവിന്റെ കൂടെ നബി(ﷺ)യുടെ അടുത്തെത്തി. അപ്പോൾ റസൂൽ (ﷺ) സനാഹ്, സനാഹ്, എന്ന് പറഞ്ഞു; നല്ലത് എന്നാണ് എത്യോപ്യൻ ഭാഷയിൽ അതിന്റെ അർത്ഥം. അവർ പറയുന്നു. ഞാൻ പ്രവാചകന്റെ ശരീരത്തിലുള്ള പ്രവാചകത്വമുദ്രമേൽ പിടിച്ച് കളിക്കാൻ തുടങ്ങി. അപ്പോൾ എന്റെ പിതാവ് എന്നെ പിടിച്ച് മാറ്റി. റസൂൽ (ﷺ) പറഞ്ഞു: അവളെ വിട്ടേക്കൂ.. (കളിക്കട്ടേ). (ബുഖാരി)

അബൂഹുറൈറ (റ) നിവേദനം: റസൂൽ (ﷺ) തന്റെ തിരുനാവ് പേരകിടാവായ ഹസൻ(റ)ന്റെ മുന്നിൽ നീട്ടും. കുഞ്ഞ് അദ്ദേഹത്തിന്റെ നാവിന്റെ ചുവപ്പു കാണുകയും അതിൽ മേൽ തട്ടുകയും ചെയ്യാറുണ്ടായിരുന്നു. (സിൽസിലത്തു സ്വഹീഹ)

അനസ് (റ) നിവേദനം: റസൂൽ (ﷺ) ഉമ്മുസലമയുടെ മകൾ സൈനബിനെ കളിപ്പിക്കാറുണ്ടായിരുന്നു. കുഞ്ഞു സൈനബേ, കുഞ്ഞു സൈനബേ എന്നദ്ദേഹം ഒരുപാടു തവണ പറയാറുണ്ടായിരുന്നു. (സ്വഹീഹുൽ ജാമിഅ്)

- ഖുത്വുബ നോട്ടുകൾ ലഭിക്കാൻ (+918594044600) എന്ന നമ്പർ സേവ് ചെയ്ത് പേരും സ്ഥലവും ചേർത്ത് വാട്സാപ്പ് മെസേജ് അയക്കുക.
- ഖുത്വുബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

- ഇതു വരെയുള്ള എല്ലാ ഖുത്വുബകളും ലഭിക്കാൻ ടെലിഗ്രാം ചാനലിൽ അംഗമാവുക.

https://t.me/joinchat/ScQ0nQalrhJ2ZcA_